2893/എച്ച്/2015/കെ.എസ്.എച്ച്.ഒ. 06..07..2017

## സർക്കുലർ

**വിഷയം: – കുടുംബശ്രീ – ഭക്ഷ്യ സുരക്ഷാ ഭവനം – ക്യാമ്പെയിൻ സംബന്ധിച്ചുള്ള മാർഗ്ഗരേഖ – സംബന്ധിച്ച്**

"ഭക്ഷ്യസുരക്ഷയ്ക്ക് എന്റെ കൃഷി" എന്ന ആശയം കുടുംബശ്രീ കൂട്ടായ്മയിലൂടെ എല്ലാ അയൽക്കൂട്ടങ്ങളിലേയ്ക്കും എത്തിയ്ക്കുന്നതിനും അതുവഴി എല്ലാവരെയും തങ്ങൾക്ക് ആവശ്യമുള്ള പച്ചക്കറികൾ സ്വയം ഉല്പാദിപ്പിക്കുന്നതിന് പ്രാപ്തരാക്കുകയുമാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 25 സെന്റ് വരെ കൃഷി ചെയ്യുന്ന ഗ്രൂപ്പുകളോ, ഗ്രോബാഗുകളിൽ ചെറിയ അളവിൽ കൃഷി ചെയ്യുന്നവരുടെ ഗ്രൂപ്പുകളായിട്ടോ ആയിരിക്കും പ്രവർത്തനം. ചിങ്ങം 1 ന് എല്ലാ സിഡിഎസ്സിലും പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

- 3 സെന്റ് മുതൽ 25 സെന്റ് വരെ കൃഷി ചെയ്യുന്ന ഗ്രൂപ്പുകൾക്ക് പദ്ധതിയിൽ അംഗമാകാം.
- ഗ്രൂപ്പിൽ കുറഞ്ഞത് 4 അംഗങ്ങൾ ഉണ്ടായിരിക്കണം
- ഗ്രോ ബാഗ് ചെയ്യുന്ന ഗ്രൂപ്പാണെങ്കിൽ ഒരംഗത്തിന് കുറഞ്ഞത് 20 ഗ്രോ ബാഗുകൾ ഉണ്ടായിരിക്കണം
- സ്പെഷ്യൽ അയൽക്കൂട്ടങ്ങൾക്കും (വയോജനം, ബഡ്സ് മുതലായവ) പങ്കെടുക്കാവുന്നതാണ്.
- പച്ചക്കറികളാണ് പ്രധാനമായും കൃഷിചെയ്യേണ്ടത്
- ഓരോ അംഗത്തിനും സ്വന്തം വീട്ടിലും കൃഷി ചെയ്യാവുന്നതാണ്
- ഓരോ അംഗവും 5 ഇനം പച്ചക്കറികൾ കൃഷി ചെയ്യണം
- സ്ഥലം ഒന്നിച്ച് ഒരിടത്തോ അംഗങ്ങളുടെ വീടുകളിലായോ മതിയാകും
- തങ്ങളുടെ ആവശ്യങ്ങൾക്കായോ മറ്റ് അയൽക്കൂട്ടങ്ങളുടെ ആവശ്യങ്ങൾക്കായോ ഉല്പന്നങ്ങൾ ഉപയോഗിക്കാവുന്നതാണ്.

- പദ്ധതിയിൽ അംഗമാകുന്ന എല്ലാവരും പരിശീലനത്തിൽ പങ്കെടുക്കേണ്ടതാണ്.
- പരിശീലന ദിവസം കൃഷിയ്ക്കാവശ്യമായ വിത്തുകൾ ഓരോ അംഗത്തിനും ലഭിക്കുന്നതാണ്
- പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് മാത്രമേ വിത്തുകൾ നൽകാൻ പാടുള്ളു
- പരിശീലനത്തിനു മുമ്പായി ഗ്രൂപ്പുകൾ സിഡിഎസ്സിൽ രജിസ്റ്റർ ചെയ്യേണ്ടതും രജിസ്ട്രേഷൻ തുകയായി 10/– രൂപ ഒടുക്കേണ്ടതുമാണ്.
- ഓരോ സീസണിലും ഗ്രൂപ്പുകൾ രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്.
- പദ്ധതിയെക്കുറിച്ച് ജില്ലാതല പി.ആർ.എം. എൽ സിഡിഎസ്സുകളെ അറിയിക്കേണ്ടതും അയൽക്കൂട്ടതലങ്ങളിൽ പദ്ധതി നടത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതുമാണ്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് പഞ്ചായത്ത് തലത്തിൽ ജനപ്രതിനിധികളുമായി സംയോജിച്ച് പ്രവർത്തിക്കേണ്ടതാണ്.
- പദ്ധതിയെ ഒരു ക്യാമ്പെയിൻ രീതിയിൽ സംഘടിപ്പിക്കേണ്ടതും എല്ലാ ജനപ്രതിനിധികളുടെയും സാന്നിധ്യം ഉറപ്പുവരുത്തേണ്ടതുമാണ്.

**പരിശീലനം**

- ഗ്രൂപ്പുകൾക്ക് മാസ്റ്റർ കർഷക/മാസ്റ്റർ കർഷക പരിശീലകർ എന്നിവർ പരിശീലനനം നൽകേണ്ടതാണ്.
- മാസ്റ്റർ കർഷകർക്ക് മാസ്റ്റർ കർഷക പരിശീലകർ പരിശീലനം നൽകണം.
- പരിശീലനത്തിന്റെ മൊഡ്യൂൾ ബ്ലോക്ക് കോ–ഓർഡിനേറ്റർമാർ തയ്യാറാക്കി നൽകേണ്ടതാണ്.
- ഗ്രൂപ്പുകൾക്ക് വാർഡ് തലത്തിലായിരിക്കണം പരിശീലനം സംഘടിപ്പിക്കേണ്ടത്.

- ഒരു ബാച്ചിൽ 50 പേരടങ്ങുന്ന പരിശീലനമായിരിക്കണം സംഘടിപ്പിക്കേണ്ടത്. മാസ്റ്റർ കർഷക ആയിരിക്കണം ക്ലാസ്സെടുക്കേണ്ടത്.

- ഒരു ദിവസം 2 പരിശീലനം മാത്രമേ ഒരു മാസ്റ്റർ കർഷക കൈകാര്യം ചെയ്യാൻ പാടുള്ളു

- പരിശീലനം കുറഞ്ഞത് 2 മണിക്കൂർ സമയം ഉണ്ടായിരിക്കണം

- പരിശീലനത്തിൽ കൃഷി ചെയ്യേണ്ടതിന്റെ ആവശ്യകത, പച്ചക്കറി കൃഷി പരിപാലനം, അടുക്കള മാലിന്യ സംസ്ക്കരണവും ജൈവവള നിർമ്മാണവും എന്നീ വിഷയത്തിലായിരിക്കണം ക്ലാസ്സുകൾ നൽകെണ്ടത്.

- പരിശീലനത്തിന് പങ്കെടുക്കുന്ന അംഗങ്ങളുടെ എണ്ണം നേരത്തെ തയ്യാറാക്കി ആവശ്യത്തിന് വിത്തുകൾ ലഭ്യമാക്കണം

- ഒരംഗത്തിന് 20 രൂപയ്ക്കുള്ള വിത്തുകളാണ് തയ്യാറാക്കി നൽകേണ്ടത്.

- വിത്തുകൾ നൽകേണ്ട ചുമതല ജീവ ടീമിന് നൽകാവുന്നതോ/സിഡിഎസ്സിനെ ഏൽപ്പിക്കാവുന്നതോ ആണ്.

- ഓരോ സിഡിഎസ്സിലേയ്ക്കും ആവശ്യമായ വിത്തുകൾ എണ്ണം/തരം എന്നിവ നേരത്തെ തന്നെ ജീവ ടീമിനെ അറിയിക്കുകയും, സിഡിഎസ് ആവശ്യമായ തുക ജീവ ടീമിന്റെ അക്കൗണ്ടിലേയ്ക്ക് നൽകുകയും വേണം.

- കുടുംബശ്രീ യൂണിറ്റുകൾ, വി.എഫ്.പി.സി.കെ., കെ.എ.യു., മറ്റ് സർക്കാർ അംഗീകൃത ഏജൻസികൾ എന്നിവിടങ്ങളിൽ നിന്നും വിത്തുകൾ വാങ്ങാവുന്നതാണ്.

- വിത്തുകൾക്ക് ചിലവാകുന്ന 20 രൂപയ്ക്കുള്ള വിത്തുകളാണ് തയ്യാറാക്കി നൽകേണ്ടത്.

- പരിശീലനത്തിനായി പരമാവധി ഒരംഗത്തിന് 40 രൂപ (20 രൂപ പരിശീലന ചിലവ് ചായ, ലഘുഭക്ഷണം, +20 രൂപ വിത്ത് )ചിലവാക്കാവുന്നതാണ്.

- ഒരു പരിശീലനത്തിന് പരമാവധി 2000/- രൂപ (രണ്ടായിരം രൂപ മാത്രം) ചിലവാക്കാവുന്നതാണ്.

- പരിശീലനത്തിന് പങ്കെടുക്കുന്നവരുടെ വിശദാംശങ്ങൾ സിഡിഎസ്സിൽ നിർദ്ദിഷ്ട ഫോർമാറ്റിൽ രജിസ്റ്റർ ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

**മോണിറ്ററിംഗ്**

- പദ്ധതിയ്ക്കായി സിഡിഎസ്സിൽ ഒരു പ്രത്യേക രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
- പരിശീലനത്തിന്റെ അറ്റൻഡൻസ്, ഫോട്ടോ എന്നിവയുടെ കോപ്പി ബ്ലോക്ക് കോർഡിനേറ്റർ ഡോക്യുമെന്റേഷൻ ആവശ്യങ്ങൾക്കായി സൂക്ഷിക്കേണ്ടതാണ്.
- പരിശീലനം കഴിഞ്ഞ് കൃഷി ആരംഭിക്കുന്ന ഗ്രൂപ്പുകൾ "കുടുംബശ്രീ ഭക്ഷ്യസുരക്ഷാ ഭവനം" എന്ന പേരിൽ ഒരു സ്റ്റിക്കർ കൃഷി ചെയ്യുന്ന ഓരോ അംഗത്തിന്റെയും വീട്ടിൽ പതിയ്ക്കേണ്ടതാണ്.
- മാസ്റ്റർ കർഷകർ ടി പ്രവർത്തനം മോണിറ്റർ ചെയ്യേണ്ടതാണ്.
- പദ്ധതിയുടെ ഉദ്ഘാടനത്തിനു മുമ്പായി എല്ലാ അയൽക്കൂട്ടങ്ങളിലും പരിശീലനം പൂർത്തിയാക്കേണ്ടതാണ്.
- വെബ്ബ് സൈറ്റ് അപ്ഡേഷൻ ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ കൃത്യസമയത്ത് നിർവ്വഹിക്കേണ്ടതാണ്.

പരിശീലനത്തിന് പങ്കെടുക്കുന്നവർക്കുള്ള രജിസ്ട്രേഷൻ ഫോം

| ക്രമ നം. | പേര് | വിലാസം | അയൽക്കൂട്ടം | ഫോൺ നം. | ആധാർ നം. | ഒപ്പ് |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |

ഡയറക്ടർ (എ&എഫ്)
എക്സിക്യൂട്ടീവ് ഡയറക്ടർക്കുവേണ്ടി
കുടുംബശ്രീ

എല്ലാ ജില്ലാമിഷൻ കോ-ഓർഡിനേറ്റർമാർക്കും

**പകർപ്പ്**
സ്റ്റോക്ക് ഫയൽ